LIBRARY ARCHIVES Kerala Legislative Assembly

ശുദ്ധജല വിതരണത്തിനുള്ള കേന്ദ്ര പദ്ധതികൾ നടിയെടുക്കുന്നതിലുള്ള വീഴ്ച

*7 [874] ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുദ്ധജലവിതരണത്തിനുള്ള കേന്ദ്ര പദ്ധതികൾ പലതും പ്രയോജനപ്പെടുത്തുന്നതിൽ കേരളം അനാസ്ഥ കാണിക്കുന്നതായി ബന്ധപ്പെട്ട കേന്ദ്രമന്ത്രിമാർ ആരോപിച്ചിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികൾ നേടിയെടുക്കുന്നതിലാണ് വീഴ്ച സംഭവിച്ചിട്ടുള്ളതെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച് വിശദമാക്കാമോ;

(സി) പദ്ധതികൾക്ക് കേന്ദ്രം അനുവദിച്ച തുക നിശ്ചിത സമയത്തിനകം ചെലവഴിച്ച് തീർത്തിട്ടുണ്ടോ;

(ഡി) അനുവദിച്ച തുക യഥാസമയം ചെലവഴിച്ചിട്ടില്ലെങ്കിൽ അത് മറ്റ് സംസ്ഥാനങ്ങൾക്ക് മാറ്റിക്കൊടുക്കാൻ കേന്ദ്രം തീരുമാനിച്ചിട്ടുള്ളതായി അറിയാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികൾ നേടിയെടുക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇല്ല.

(ഡി) അനുവദിച്ച തുക യഥാസമയം ചെലവഴിച്ചിട്ടില്ലെങ്കിൽ അത് മറ്റ് സംസ്ഥാനങ്ങൾക്ക് മാറ്റിക്കൊടുക്കുന്നതാണെന്ന് കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള മാർഗ്ഗരേഖകളിൽ ഉണ്ട്.

കുടിവെള്ളത്തിനും കാർഷികാവശ്യത്തിനുമുള്ള വെള്ളത്തിനും ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന സെസ്സിന്റെ മാനദണ്ഡം

*8 [875] ശ്രീ. സി. മമ്മൂട്ടി:
,, ഇ. ടി. മുഹമ്മദ് ബഷീർ:
,, സി. ടി. അഹമ്മദ് അലി:
,, വി. കെ. ഇബ്രാഹിംകുഞ്ഞ്:
,, പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് പുതുതായി നടപ്പിലാക്കാൻ പോകുന്ന ജലസേചന സംരക്ഷണ നിയമപ്രകാരം കുടിവെള്ളത്തിനും കാർഷികാവശ്യത്തിനുമുള്ള വെള്ളത്തിനും 'സെസ്' ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;